പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 52 | 27.2.2018 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാരനയം

| ചോദ്യം<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി.<br>ശ്രീ.എൽദോ എബ്രഹാം : | | മറുപടി<br>ശ്രീ. കടകംപളളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനസർക്കാരിന്റെ വിനോദസഞ്ചാരനയം വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്തിന്റെ സമഗ്ര ടൂറിസം വികസനം ലക്ഷ്യമാക്കിയുളളതാണ് പുതിയ ടൂറിസം നയം.<br>• ടൂറിസ്റ്റുകളുടെ പ്രത്യേകത മനസ്സിലാക്കി കേരളത്തിന്റെ സാംസ്കാരികമായ സവിശേഷതകളെ സംരക്ഷിച്ചുകൊണ്ടുളള കാഴ്ചപ്പാട് ആവിഷ്കരിക്കുക.<br>• കേരളത്തിന്റെ പുറംലോകം അറിയാത്ത തനിമകളെ പുത്തൻ ഉത്പന്നങ്ങളായി അവതരിപ്പിക്കുക.<br>• ആരോഗ്യരംഗം, ഇക്കോ ടൂറിസം തുടങ്ങി കലയും സംസ്കാരവും ഇഴചേർന്ന പൈതൃക ടൂറിസവും വികസിപ്പിക്കുക<br>• വിനോദസഞ്ചാരികളെ ലക്ഷ്യമിട്ട് പാരമ്പര്യ ചികിത്സാകേന്ദ്രങ്ങളുടെ നിലവാരം ഉറപ്പാക്കുക<br>• ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക<br>• ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുക<br>• സുസ്ഥിര ടൂറിസം വികസനത്തിന് കർമ്മ പരിപാടി ആസൂത്രണം ചെയ്യുക<br>• ജനകീയ പങ്കാളിത്തത്തോടെ വിനോദസഞ്ചാര വ്യവസായത്തെ പ്രാദേശിക സമ്പദ്ഘടനയുടെ നട്ടെല്ലാക്കുക. അതുവഴി പ്രവാസികളടക്കമുളള സ്വകാര്യ |

(..2)

| | | | |
|---|---|---|---|
| | | | വ്യക്തികളെയും സ്ഥാപനങ്ങളെയും ടൂറിസം മേഖലയിൽ മുതൽമുടക്കുന്നതിന് പ്രോത്സാഹനം നൽകുക<br>• പുതിയ ടൂറിസം ഉത്പന്നങ്ങൾ അവതരിപ്പിക്കുക<br>• കിഫ്ബിയുടെ സാധ്യത ടൂറിസം അടിസ്ഥാന സൗകര്യ വികസനത്തിനായി പരമാവധി പ്രയോജനപ്പെടുത്തുക<br>• കേരള ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിക്കുക<br>• തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക<br>• കേരള ടൂറിസത്തിന് ബ്രാൻഡ് അംബാസഡറെ നിയമിക്കുക<br>• മാനവശേഷി വികസനവും ടൂറിസം സാക്ഷരതയും പാഠ്യപദ്ധതിയുടെ ഭാഗമാക്കുക<br>• കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി എന്ന പുത്തൻ ആശയം നടപ്പാക്കുക<br>• ടൂറിസം വകുപ്പിൽ കാലോചിതമായ പരിഷ്കാരം നടപ്പാക്കുക<br>• ഹരിത പെരുമാറ്റച്ചട്ടം അനുസരിച്ച് മാലിന്യ നിർമ്മാർജ്ജനം നടപ്പിലാക്കുക.<br>• പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ടൂറിസം മേഖലയിൽ 2017-2022 കാലയളവിൽ 4 ലക്ഷം പുതിയ തൊഴിലവസരം സൃഷ്ടിക്കുക എന്നിവയാണ് സർക്കാരിന്റെ പുതിയ വിനോദസഞ്ചാരനയത്തിന്റെ കാതൽ. |
| ബി) | സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയെ നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അതോറിറ്റി | | |

| | | | |
|---|---|---|---|
| | രൂപീകരിക്കുന്നതിന് നീക്കമുണ്ടോ; | ബി) യും സി) യും | ഉണ്ട്. ടൂറിസം മേഖലയെ കാര്യക്ഷമവും ചൂഷണ രഹിതവുമാക്കുക എന്നതാണ് കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരണം വഴി വിഭാവനം ചെയ്യുന്നത്. ഈ മേഖലയിലെ എല്ലാ വിഭാഗങ്ങളെയും നിരീക്ഷിക്കാനുള്ള പരമോന്നത സംവിധാനമായി ഇത് പ്രവർത്തിക്കും. വ്യത്യസ്ത ടൂറിസം മേഖലകളിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാനുള്ള അധികാരം അതോറിറ്റിക്കുണ്ടാകും. വിനോദസഞ്ചാരികൾക്ക് ഉണ്ടാകുന്ന ദുരനുഭവങ്ങൾക്ക് ഉടനടി പരിഹാരം എത്തിക്കാനും സുസ്ഥിരവും കാര്യക്ഷമവുമായ ടൂറിസം വികസനം സാധ്യമാക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ വിനോദസഞ്ചാരകേന്ദ്രങ്ങളിലെ ദുഷ്പ്രവണതകൾക്കെതിരെ ഇടപെടാൻ അതോറിറ്റിക്ക് പൂർണ്ണ അധികാരമുണ്ടാകും. |
| സി) | പ്രസ്തുത അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ